പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5222 24.10.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ നവീകരണം

ചോദ്യം ഉത്തരം

ശ്രീ. പി. സി. ജോർജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ നവീകരണം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ ഡിപ്പോകളുടെ നവീകരണത്തിന്റെ ഭാഗമായി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ നിർമ്മിച്ചു വരുന്നു. ഇതിന്റെ ഒന്നാം ഘട്ടത്തിൽ 30 ബസ് സ്റ്റേഷനുകളിലും, അനന്തരം 29 ബസ് സ്റ്റേഷനുകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. ഗ്യാരേജുകളുടെ നവീകരണത്തിന് 2011 - 12-ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അഞ്ച് കോടി രൂപയുടെ യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് നടപടികൾ കൈകൊണ്ടുവരുന്നു. മുപ്പതോളം വിവിധതരം യന്ത്രസാമഗ്രികൾ ഡിപ്പോയിൽ സ്ഥാപിക്കുന്നതുവഴി ബസ്സുകളുടെ പരിചരണം മെച്ചപ്പെടുത്തുന്നതിന് ഉപകാരപ്രദമാകും. |

| | | | |
|---|---|---|---|
| (ബി) | എല്ലാ ഡിപ്പോയിലും യാത്രക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് വെയിറ്റിംഗ് ഷെഡ്ഡും നല്ല നിലയിലുള്ള പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ ഭൂരിഭാഗം ബസ് സ്റ്റാന്റുകളിലും വനിതകൾക്ക് പ്രത്യേക വിശ്രമ കേന്ദ്രങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കായംകുളം, പയ്യന്നൂർ, നിലമ്പൂർ, തിരു.സിറ്റി എന്നീ സ്ഥലങ്ങളിൽ പണി പൂർത്തിയായിക്കഴിഞ്ഞു. നെയ്യാറ്റിൻകരയിൽ നിലവിലെ വിശ്രമകേന്ദ്രം നവീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ, തൃശ്ശൂർ, പൊന്നാനി, മണ്ണാർക്കാട്, ചേർത്തല, കാസർഗോഡ്, വടക്കാഞ്ചേരി, കൽപ്പറ്റ എന്നിവിടങ്ങളിൽ പണി പുരോഗമിച്ചുവരുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ആധുനിക രീതികളിൽ നിർമ്മിച്ച യൂറിൻ ഷെഡ്ഡുകൾ വൃത്തിഹീനമായും പ്രവർത്തനരഹിതമായും കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഹരിച്ച് ഉപയോഗയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ